അതുകൊണ്ട് 1-7-1997 മുതൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മെച്ചപ്പെട്ട ഒരു സാമ്പത്തിക ആനുകൂല്യം ഉറപ്പുവരുത്തിക്കൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. ജില്ലാ ബാങ്ക് ജീവനക്കാർക്ക് മാത്രമായി ഇനിയും പ്രത്യേകിച്ചു എന്തെങ്കിലും തരത്തിൽ ഒരു ആനുകൂല്യം നൽകുയെന്നുള്ളത് അസാദ്ധ്യമാണ്. ഇതിനാൽ സഹകരണപ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള നിലനിൽപ്പും വളർച്ചയും കണക്കിലെടുത്തുകൊണ്ട് മാത്രമേ ജീവനക്കാർക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

ശ്രീ. അടൂർ പ്രകാശ് : സർ, സഹകരണ ബാങ്കിലെ ജീവനക്കാരുടെ ആവശ്യങ്ങൾ അടക്കമുള്ള ഒരു അവകാശപ്പത്രിക സംയുക്തമായി രണ്ടു യൂണിയനുകൾ ഗവൺമെന്റിനു മുൻപിൽ സമർപ്പിക്കുകയുണ്ടായി. അത് 9-2-2000-ൽ ആണ്. ഇക്കാര്യത്തെക്കുറിച്ച് ജീവനക്കാരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു ചർച്ച നടത്തുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ എന്ന് അങ്ങ് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ഇപ്പോൾ അത്തരമൊരു ചർച്ച നടത്തേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

(2) പൊന്നാനി തുറമുഖത്തിന്റെ വികസനം

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിലെ മത്സ്യബന്ധന കേന്ദ്രമായ പൊന്നാനി തുറമുഖത്തിന്റെ ശോചനീയാവസ്ഥയാണ് ഞാൻ ഗവൺമെന്റിന്റെ മുൻപിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയമായി കൊണ്ടുവരുന്നത്. സർ, പ്രാചീനകാലം മുതൽ തന്നെ പ്രസിദ്ധിയാർജിച്ച ഒരു മത്സ്യബന്ധന കേന്ദ്രമാണ് പൊന്നാനി, ഏകദേശം 15000 മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഓരോ കൊല്ലവും ഏകദേശം ഇരുപത്തിഅയ്യായിരം ടൺ മത്സ്യം വീതം ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്ക്. 360-ഓളം യന്ത്രവൽകൃത ബോട്ടുകളും 1250-ഓളം നാടൻ വള്ളങ്ങളിലുമായി 6500-ഓളം വരുന്ന തൊഴിലാളികൾ ഇവിടെ പ്രത്യക്ഷമായി ജോലി ചെയ്യുന്നു. അത്രയും തന്നെ തൊഴിലാളികൾ പരോക്ഷമായും ജോലി ചെയ്യുന്നുണ്ട്. നിരവധി വർഷങ്ങളായി ഭാരതപ്പുഴയിൽ നിന്ന് ഒഴുകിവരുന്ന മണലും മണ്ണും ഇവിടെ അഴിമുഖത്ത് അടിഞ്ഞുകൂടുകയും അതിന്റെ ഫലമായി മണൽത്തിട്ട രൂപപ്പെടുകയും ചെയ്ത് അതുവഴിവരുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് കൃത്യമായി സഞ്ചരിക്കുന്നതിന് കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. മണൽത്തിട്ടയിൽ തട്ടിത്തകർന്ന് ഒട്ടനവധി ബോട്ടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. മാത്രമല്ല അതിലേ വരുന്ന മത്സ്യ തൊഴിലാളികൾ ഓരോ കൊല്ലവും മരണപ്പെടാൻ ഇടയായ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ബോട്ടുകൾ തട്ടി തകരുന്നതിന്റെ ഫലമായി കോടിക്കണക്കിന് രൂപ ഈ മേഖലയിൽ നഷ്ടം വന്നിട്ടുണ്ട്. മണൽത്തിട്ട ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പലപ്രാവശ്യം കേന്ദ്രഗവൺമെന്റിന്റെ മുമ്പിലൊക്കെ പ്രശ്നം കൊണ്ടുവന്നുവെങ്കിലും അതിനെസംബന്ധിച്ച് ഇതുവരേയും ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനും പരിഹാരമുണ്ടാക്കാൻ കഴിയാത്തതുകൊണ്ടുതന്നെ പൊന്നാനിയെ സംബന്ധിച്ച് മത്സ്യബന്ധന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം എന്നു പറയുന്നത് വളരെ പ്രയാസകരമായി മാറിയിരിക്കുകയാണ്. ശാശ്വതമായി ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1991-ൽ മത്സ്യത്തൊഴിലാളികളും തൊഴിലാളി സംഘടനകളും നാട്ടുകാരും ചേർന്ന് കേന്ദ്ര ഗവൺമെന്റിൽ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇതുവരേയും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ ഒരു സമീപനം ഇല്ലാത്തതുകൊണ്ട് ഇന്നും ആ മേഖലയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വളരെ കഷ്ടത അനുഭവിക്കുകയാണ്. പത്തു പതിനയ്യായിരത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഈ മേഖലയിൽ 6500-ഓളം തൊഴിലാളികൾ പ്രത്യക്ഷമായും അത്രയും തന്നെ തൊഴിലാളികൾ പരോക്ഷമായും ഈ തുറമുഖത്ത് ജോലി ചെയ്യുന്നുണ്ട്. അതുകൊണ്ട് അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ നാട്ടിലെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗം കൂടിയായി ഈ മത്സ്യബന്ധനത്തെ നമ്മൾ കാണണം. ഇത് കാണാൻ കഴിയുന്നില്ലെന്നു മാത്രമല്ല വീണ്ടും വീണ്ടും അവഗണിക്കപ്പെടുന്ന ഒരു അനുഭവമാണ് ഇന്നു വന്നുകൊണ്ടിരിക്കുന്നത്. 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ അതിനെസംബന്ധിച്ച് സമഗ്രമായി ആലോചിക്കുകയും അതിന്റെ ഭാഗമായി 1998-ൽ ബന്ധപ്പെട്ട ആളുകൾ ഇതിനെസംബന്ധിച്ച് പഠിച്ച് അവിടെ അടിഞ്ഞുകൂടിയിരിക്കുന്ന മണൽത്തിട്ട ഒഴിവാക്കുന്നതിനുവേണ്ടി ഒരു സംവിധാനം ആവിഷ്ക്കരിക്കുകയുണ്ടായി. എന്നാൽ ഇന്നും അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് നടപടി സ്വീകരിച്ചു. പക്ഷേ ഇന്നും അതിന്റെ അപകടം അവിടെ കേന്ദ്രീകരിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ മത്സ്യബന്ധനത്തിനു പോകുന്ന പല ആളുകളും ഇന്നും അപകടം പറ്റി മരിക്കാൻ ഇടയാകുന്ന സാഹചര്യം റിപ്പോർട്ട് ചെയ്യുന്നത്. പ്രധാന കാരണം ആവശ്യമായ പുലിമുട്ടുകളുടെ അഭാവമാണ്. മണൽത്തിട്ട ഒഴിവാക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രവർത്തനങ്ങൾ നടത്തിയെങ്കിലും പുലിമുട്ടുകൾ സ്ഥാപിക്കാത്തതിന്റെ ഫലമായി മണൽ നീക്കിയ പ്രദേശങ്ങളിൽ വീണ്ടും മണൽ വന്നടിഞ്ഞ് ബോട്ടുകൾക്ക് സഞ്ചാരയോഗ്യമല്ലാത്ത രൂപത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ഇതിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് ഇത് നടപ്പിലാക്കിയെങ്കിലും ഇന്നും അത് പൂർണ്ണതയിലെത്തിയിട്ടില്ല. അത് പൂർണ്ണതയിലെത്തിക്കുന്നതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഒരു പ്രധാന മത്സ്യബന്ധന കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയിലെ പൊന്നാനി തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി എല്ലാവിധ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മുൻകൈയെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, അതിപ്രാചീന കാലം മുതലേ പൊന്നാനി മത്സ്യബന്ധനത്തിനും ചരക്കിറക്കിനും പ്രസിദ്ധമായിരുന്നു. ഈ മത്സ്യബന്ധന തുറമുഖത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വികസന സാദ്ധ്യതകളെക്കുറിച്ച് 'ഇൻഡോപ്പോൾ' എന്ന കമ്പനി നടത്തിയ പഠനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഈ അഴിമുഖത്ത് മണ്ണടിയുന്നതുമൂലം മത്സ്യ ബന്ധനബോട്ടുകൾക്ക് സുഗമമായി കരയിലടുക്കാൻ കഴിയാത്ത അവസ്ഥ നേരത്തേ മുതൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. 1980-ൽ പീച്ചിയിലെ എഞ്ചിനീയറിംഗ് റിസർച്ച് കേന്ദ്രം നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ ഒരു ഗൈഡ്വാൾ നിർമ്മിച്ചുവെങ്കിലും കാര്യമായ പ്രയോജനമുണ്ടായില്ല. 1991-ൽ ഈ മത്സ്യബന്ധന തുറമുഖത്തിനുവേണ്ടി 610 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി. ബാംഗ്ലൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗിന്റെ നിർദ്ദേശാനുസരണം പദ്ധതി അടങ്കൽ 916 ലക്ഷം രൂപയാക്കി. പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനയിലെ കേന്ദ്ര ജല വൈദ്യുത പഠനകേന്ദ്രത്തിന്റെ നിർദേശാനുസരണം പദ്ധതിക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തി 6/98-ൽ കേന്ദ്രാനുമതിക്ക് അയച്ച് ഷെഡ്യൂൾ നിരക്കിൽ വന്ന മാറ്റങ്ങൾക്കൂടി കണക്കിലെടുത്ത് ഇപ്പോൾ പദ്ധതി അടങ്കൽ 2970 ലക്ഷം രൂപയാക്കി. സംസ്ഥാന സർക്കാർ ഈ ഫിഷിംഗ് ഹാർബറിന് 11/99-ൽ ഭരണാനുമതി നൽകി. ഒൻപതാം പദ്ധതിയിൽപ്പെടുത്തി കേന്ദ്രാനുമതിക്കായി മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ ഹാർബറുകളുടെ അനുമതിയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ മുതലപ്പൊഴി ഹാർബറിന് ഇന്നലെ കേന്ദ്ര സർക്കാർ അനുമതി നൽകുകയും 100 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാനി ഹാർബറിനും, തലായി ഹാർബറിനുവേണ്ടി ഞാൻ തന്നെ നേരിട്ട് കേന്ദ്രത്തിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും കഴിഞ്ഞ മാസത്തിൽ പുതുതായി വന്ന മന്ത്രിയുമായും കമ്മീഷണറുമായും ഡൽഹിയിൽവച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഏപ്രിൽ 2-ാം തീയതി ഈ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ആവശ്യമായ തുകയും കേരളാ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിയുന്നത്ര വേഗം ഇതിന്റെ പണി ആരംഭിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

III സബ്മിഷൻ

(1) കൊല്ലം ജില്ലയിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ. ബാബു ദിവാകരൻ : സർ, കഴിഞ്ഞ കുറെ മാസങ്ങളായി കൊല്ലത്തേയും പരിസര പ്രദേശങ്ങളിലേയും ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഇന്ന് എന്റെ മണ്ഡലത്തിലെ കിളികൊല്ലൂർ പ്രദേശത്ത് ഹർത്താൽ ആചരിക്കുകയാണ്. ഒരു പക്ഷേ കഴിഞ്ഞ ആറു മാസത്തിനിടയ്ക്ക് നടക്കുന്ന എത്രാമത്തെ ഹർത്താലാണെന്ന് പോലും കണക്കെടുക്കാൻ കഴിയാത്ത നിലയിലാണ് ഈ ഹർത്താലാചരിക്കുന്നത്. അവിടത്തെ ജനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. ഈ ഹർത്താലിന്റെ പ്രധാന കാരണം കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി മങ്ങാട് പ്രദേശത്ത് സി.പി.ഐ. പ്രവർത്തകരും സി.പി.ഐ. (എം) പ്രവർത്തകരും തമ്മിൽ നടക്കുന്ന വളരെ ഗുരുതരമായ സംഘട്ടനമാണ്. ആ പ്രദേശത്ത്